15.05.2023 സപ്ലൈകോ ആസ്ഥാനം

ഇ.ആർ.പി.-ഇ-ഓഫീസ് ഉദ്ഘാടനം

- സിവിൽ സപ്ലൈസ് കോർപ്പറേഷനെ സംബന്ധിച്ച് ഇന്ന് ചരിത്രപ്രധാനമായ ഒരു ദിവസമാണ്. വിവരസാങ്കേതികവിദ്യയുടെ പ്രയോജനം ഉയർന്ന നിലയിൽ ഉപയോഗപ്പെടുത്തുന്ന ഇ-ഓഫീസ്, ഇ.ആർ.പി. സംവിധാനങ്ങൾക്ക് ഇന്ന് നാം തുടക്കംകുറിക്കുകയാണ്.
- കുറച്ചുകൂടി മുമ്പേ ഇക്കാര്യങ്ങൾ നമുക്ക് നിർവ്വഹിക്കാൻ കഴിയേണ്ടതായിരുന്നു എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. അക്കാര്യത്തിൽ ഞാനും നിങ്ങളും ഉൾപ്പെടെ എല്ലവരും ഒരു ആത്മപരിശോധന നടത്തുന്നത് ഭാവിയിലേക്ക് ഗുണകരമായിരിക്കും. എങ്കിലും Better late than never എന്നാണല്ലോ. ഒരിക്കലും നടക്കാതിരിക്കുന്നതിനേക്കാളും നല്ലതാണ് വൈകിയെങ്കിലും നടക്കുന്നത്.

ഇ-ഓഫീസ്

- നമ്മുടെ രാജ്യത്തെ ഭരണസംവിധാനത്തിന്റെ അടിസ്ഥാനഘടന രാജഭരണകാലത്തും പിന്നീട് ബ്രിട്ടീഷ് ഭരണകാലത്തും രൂപപ്പെട്ടതാണ്. അത് ജനസമൂഹത്തെ ഒന്നായി കണ്ട് ഉണ്ടാക്കിയതല്ല. സാമാന്യജനങ്ങളെ അകറ്റിനിർത്തുകയും സംശയദൃഷ്ട്യാ വീക്ഷിക്കുകയുമാണ് അതിന്റെ രീതി.
- അന്ന് വളരെ കുറച്ച് ആളുകൾക്ക് മാത്രമേ സിവിൽ സർവീസിനെ ആശ്രയിക്കാനുള്ള സാഹചര്യമുണ്ടായിരുന്നുള്ളൂ. 50 കൊല്ലം മുമ്പുള്ള വില്ലേജ് ഓഫീസിൽ പോയിരുന്നവരുടെ എണ്ണവും ഇന്ന് പോകുന്നവരുടെ എണ്ണവും താരതമ്യം ചെയ്യു നോക്കു.
- പോലീസ്, കോടതി നികുതിപിരിവ് എന്നിങ്ങനെ ചുരുക്കം വകുപ്പുകളേ ആദ്യകാലത്ത് ഭരണകൂടത്തിനുണ്ടായിരുന്നുള്ളൂ.

- സ്വാതന്ത്ര്യാനന്തരം എല്ലാ ജനങ്ങളുടെയും ക്ഷേമ ഐശ്വര്യങ്ങൾ ഭരണകൂടത്തിന്റെ ബാധ്യതയാണ് എന്ന ആശയം നമ്മുടെ ഭരണഘടനപ്രകാരം വന്നുചേർന്നു. എന്നാൽ ഇത് പ്രാവർത്തികമാക്കാൻ കഴിയുംവിധം ഉദ്യോഗസ്ഥസംവിധാനത്തിന്റെ സ്വഭാവം വലിയ തോതിൽ മാറിയില്ല.
- കേരളത്തിലാകട്ടെ ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങളെല്ലാം അഡ്രസ്സ് ചെയ്യപ്പെട്ടു.
- ഭക്ഷണം (പൊതുവിതരണം-റേഷൻ ഷോപ്പ്),
- പാർപ്പിടം (ലക്ഷംവീട് മുതലുള്ള ഭവനപദ്ധതികൾ,
- വിദ്യാഭ്യാസം (വിപുലമായ സർക്കാർ-എയ്ഡഡ് സ്കൂളുകൾ,
- ആരോഗ്യം (എല്ലാ പഞ്ചായത്തുകളിലും ആശുപത്രികൾ-ആശാവർക്കർമാർ-അംഗൻവാടികൾ) എന്നിങ്ങനെ
- ഇതിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനമാണ് പൊതുവിതരണ വകുപ്പിനും വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കും വന്നുചേർന്നത്.

- എല്ലാവരും ആവശ്യക്കാരായതോടെ പ്രതീക്ഷക്കൊത്തുയരാൻ കഴിയാത്ത ഭരണസംവിധാനം വിമർശനങ്ങൾക്ക് ഇരയായി. കാലങ്ങളായി കെട്ടപിടിച്ച അഴിമതി, സ്വജനപക്ഷപാതം, കാലതാമസം, കാര്യക്ഷമതക്കുറവ് ഇതെല്ലാം വലിയ തോതിൽ ചർച്ചാവിഷയമായി.

- ജീവനക്കാരുടേയും സമൂഹത്തിന്റേയും മനോഭാവത്തിലുണ്ടാകേണ്ട വിപ്ലവകരമായ മാറ്റം കൊണ്ടേ നമുക്ക് ഒരു യാഥാർത്ഥ ജനാധിപത്യ സമൂഹമായി മാറാൻ കഴിയൂ. അത് കുറച്ചുകൂടി വലിയ ഒരു വിഷയമാണ്.

- എന്നാൽ വിവരസാങ്കേതികവിദ്യയിലുണ്ടായ കുതിപ്പ് ഇക്കാര്യത്തിലെല്ലാം നമുക്ക് വലിയ സഹായമാകും. അപേക്ഷകളും കത്തിടപാടുകളുമെല്ലാം എന്ന് വന്നു എന്ന് പോയി, ആര് എത്ര ദിവസം കയ്യിൽ വച്ചിരുന്നു, ഇപ്പോഴത്തെ സ്ഥിതി എന്താണ്, ആര് എന്തെല്ലാം എഴുതി ഇതെല്ലാം

സുതാര്യമായി. കത്തിടപാടുകളിലുണ്ടാകുന്ന ഭയങ്കരമായ കാലതാമസം – മുൻപ് മാസങ്ങളായിരുന്നു. ഇന്നത് – നിമിഷങ്ങളായി ചുരുങ്ങി.

- പൊതുവിതരണ വകുപ്പ് സമ്പൂർണ്ണമായി ഇ–ഓഫീസ് സംവിധാനത്തിലേക്ക് വന്നുകഴിഞ്ഞു എന്ന് നിങ്ങൾക്കറിയാം.

- ഇപ്പോൾ സപ്ലൈകോയിലും ഈ സംവിധാനം പ്രവർത്തന ക്ഷമമാകുന്നതിൽ നമുക്കെല്ലാം സന്തോഷിക്കാനും അഭിമാനിക്കാനും കഴിയും.

ERP

(എൻറർപ്രൈസ് റിസോഴ്സ് പ്ലാനിങ്ങ്)

- സപ്ലൈക്കോയിൽ നിലവിലുള്ള 27 ൽപ്പരം സോഫ്റ്റ് വെയറുകൾ, പലതരത്തിലുള്ള പ്രോഗ്രാമിങ്ങ് ഭാഷകളിലും, വിവിധതരത്തിലുള്ള ഡാറ്റാ ബേസുകളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവയായതിനാൽ അവ തമ്മിലുള്ള ഏകോപനം കാര്യക്ഷമമല്ല.

- ERP എന്നത് ഒരു സമഗ്രവും സംയോജിതവുമായ സോഫ്റ്റ്വെയർ പരിഹാരമാണ്

- നിലവിൽ, ബില്ലിംഗിനായി ഔട്ട്ലെറ്റുകളിൽ രണ്ട് വ്യത്യസ്ത പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുന്നു. സബ്സിഡി ഇനങ്ങൾ ബില്ലിംഗിനായി സബ്സിഡി പോർട്ടലും സബ്സിഡി ഇതര ഇനങ്ങൾക്ക് 0 M S ഉം ഉപയോഗിക്കുന്നു. ERP–യിൽ നമുക്ക് രണ്ട് ഇനങ്ങൾക്കും ഒരേ ബില്ലിൽ ബിൽ ചെയ്യാം എന്നത് ERP–യുടെ പ്രയോജനങ്ങളിലെ ഒരു ചെറിയ ഉദാഹരണമാണ്.

- ഔട്ട് ലെറ്റുകളിലെ സ്റ്റോക്ക്, വില്പന, വരുമാനം സംബന്ധിച്ച വിവരങ്ങൾ ഔട്ട് ലെറ്റ് കമ്പ്യൂട്ടറുകളിൽ തന്നെയാണ് സൂക്ഷിച്ചിരിക്കുന്നത്, അതുകൊണ്ട് ഈ വിവരങ്ങൾ സപ്ലൈക്കോ കേന്ദ്ര ആസ്ഥാനത്തു പെട്ടന്ന്

ആവശ്യപ്പെട്ടാൽ ലഭ്യമല്ല. ആവശ്യമായ വിവരങ്ങളും റിപ്പോർട്ടുകളും സമയത്ത് ലഭ്യമല്ലാത്തതുകൊണ്ട് മാനേജ്മെന്റിന് കൃത്യമായ തീരുമാനങ്ങൾ എടുക്കുന്നതിന് കാലതാമസം നേരിടുന്നു.

- കൂടാതെ ഔട്ട് ലെറ്റ് കമ്പ്യൂട്ടറുകളിലെ ഡാറ്റ പലരീതിയിൽ നഷ്ടപ്പെടാനുള്ള സാധ്യതയുമുണ്ട്.

- ERP യിലേക്ക് മാറുന്നതുമൂലം സപ്ലൈക്കോയ്ക്ക് ഉണ്ടാകുവാൻ പോകുന്ന പ്രധാന പ്രയോജനങ്ങൾ താഴെ പറയുന്നു.

  - സുതാര്യത
  - മെച്ചപ്പെട്ട കാര്യക്ഷമത
  - മെച്ചപ്പെട്ട ഡാറ്റ സുരക്ഷയും ഗുണനിലവാരവും
  - മെച്ചപ്പെട്ട ഏകീകരണവും വർക്ക്ഫ്ലോകളും
  - മെച്ചപ്പെട്ട ഓഡിറ്റ്
  - മെച്ചപ്പെട്ട സപ്ലൈ ചെയിൻ മാനേജ്മെന്റ്
  - മെച്ചപ്പെട്ട ഉപഭോക്തൃ സേവനം
  - മെച്ചപ്പെട്ട റിപ്പോർട്ടിംഗും ആസൂത്രണവും

- ഒരു സ്ഥാപനത്തിലെ വിവിധ വകുപ്പുകളിലെ വിവരങ്ങളുടെ ഒഴുക്ക് സുഗമമാക്കുന്നതിനും ഡാറ്റ പങ്കിടൽ, സഹകരണം, തീരുമാനമെടുക്കൽ എന്നിവ സാധ്യമാക്കുന്നതിനും വേണ്ടിയാണ് ERP എന്ന സംവിധാനം രൂപകൽപ്പന ചെയ്തിരിക്കുന്നത്. അക്കൗണ്ടിംഗ്, ഇൻവെന്ററി മാനേജ്മെന്റ്, സംഭരണം, ഉൽപ്പാദനം, വിൽപ്പന, വിപണനം എന്നിവ പോലുള്ള വ്യത്യസ്ത പ്രവർത്തന മേഖലകൾക്കായുള്ള മൊഡ്യൂളുകൾ ഉൾക്കൊള്ളുന്നു, അവ പരസ്പരം ബന്ധിപ്പിച്ച് തത്സമയം ഡാറ്റ പങ്കിടുന്നു.

- ഇആർപി ഒരു സോഫ്റ്റ്വെയർ സൊല്യൂഷൻ മാത്രമല്ല. ചടുലമായ വിപണി സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനും ഉപഭോക്തൃ ആവശ്യങ്ങളോട് പ്രതികരിക്കാനും മത്സരത്തിൽ മുന്നിൽ നിൽക്കാനും ബിസിനസ്സിനെ പ്രാപ്തമാക്കുന്ന ഒരു സംവിധാനമാണ്.

- ERP വരുന്നതോടെ ഡാറ്റ വച്ചുകൊണ്ട് തീരുമാനമെടുക്കൽ പ്രവർത്തനക്ഷമമാക്കുന്നു.

- കൃത്യവും ഏറ്റവും പുതിയതുമായ വിവരങ്ങൾ നമ്മുടെ വിരൽത്തുമ്പിൽ എത്തുന്നു. അനുമാനങ്ങൾക്ക് പകരം വസ്തുതകളെ അടിസ്ഥാനമാക്കി തീരുമാനങ്ങൾ എടുക്കാൻ ഇനി കഴിയും.

- വളർച്ചാ അവസരങ്ങൾ തിരിച്ചറിയുന്നതിനും അപകടസാധ്യതകൾ ലഘൂകരിക്കുന്നതിനും ഇതുകൊണ്ട് കഴിയും.

- നമ്മുടേത് ഒരു പൊതുമേഖലാസ്ഥാപനമാണ്. ലാഭമുണ്ടാക്കുകയല്ലാ ജനങ്ങളെ സഹായിക്കുകയാണ് നമ്മുടെ അടിസ്ഥാലക്ഷ്യം.

- എന്നാൽ ലാഭത്തിന് വേണ്ടി ഏതറ്റം വരേയും പോകുന്ന വിപണനശക്തികളോട് മത്സരിച്ചുകൊണ്ട് മാത്രമെ നമുക്കിന്ന് നിലനിൽക്കാൻ കഴിയുകയുള്ളൂ.

- നമ്മൾ ആഗ്രഹിച്ചാലും ഇല്ലെങ്കിലും അതാണ് യാഥാർത്ഥ്യം.

- ഈ മത്സരക്ഷമത കൈവരിക്കുന്നതിലേക്കുള്ള ഒരു വലിയ ചുവടാണ് ഇന്ന് നാം വയ്ക്കുന്നത്.